# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2466 — 07/02/2019-ൽ മറുപടിക്ക്

### നെല്ലിക്കുഴി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ വാടക

| | ചോദ്യം<br><br>**ശ്രീ.ആന്റണി ജോൺ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പുതുതായി ആരംഭിച്ച കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസിന്റെ വാടക നിലവിൽ പഞ്ചായത്താണ് നല്കിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>24.02.2016-ലെ ബോർഡ് ഉത്തരവനുസരിച്ചാണ് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത ബോർഡ് ഉത്തരവ് പ്രകാരം ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം തുടങ്ങാനായിരുന്നു ബോർഡിന്റെ തീരുമാനം.<br>വാടകരഹിത കെട്ടിടം പഞ്ചായത്ത് ലഭ്യമാക്കും എന്ന വ്യവസ്ഥയിലാണ് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് പ്രവർത്തനം തുടങ്ങിയതും ഇപ്പോൾ പ്രവർത്തിച്ചു വരുന്നതും. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് നെല്ലിക്കുഴി സെക്ഷൻ ഓഫീസിന്റെ വാടക ബോർഡ് വഹിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത ഓഫീസിന്റെ വാടക, ബോർഡ് തന്നെ വഹിക്കണം എന്നാവശ്യപ്പെട്ട് പഞ്ചായത്ത് നല്കിയിട്ടുള്ള നിവേദനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |
| (സി) | പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സെക്ഷൻ ഓഫീസിന്റെ വാടക, ബോർഡ് വഹിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ